## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ: 2384

19.07.2016-ൽ മറുപടിയ്ക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അലവൻസുകളും ഓണറേറിയവും യാത്രാബത്തയും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഡി.കെ.മുരളി | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് നൽകി വരുന്ന അലവൻസുകളും ഓണറേറിയവും യാത്രാബത്തയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | എ) | ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർക്ക് 6600 രൂപയും, വൈസ് പ്രസിഡന്റുമാർക്ക് 5300 രൂപയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്ക് 4100 രൂപയും അംഗങ്ങൾക്ക് 3500 രൂപയും ആണ് ഓണറേറിയമായി നൽകി വരുന്നത്. യോഗങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ഹാജർ ബത്തയായി പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർക്ക് 75 രൂപയും (മാസപരിധി 360 രൂപ), മറ്റ് അംഗങ്ങൾക്ക് 60 രൂപയും (മാസപരിധി 300 രൂപയും) ആണ്.<br>ബ്ലോക്ക് പഞ്ചായത്തുകളിലെ പ്രസിഡന്റുമാർക്ക് 7300 രൂപയും, വൈസ് പ്രസിഡന്റുമാർക്ക് 6000 രൂപയും ചെയർമാൻമാർക്ക് 4400 രൂപയും അംഗങ്ങൾക്ക് 3800 രൂപയും ആണ് ഓണറേറിയമായി നൽകി വരുന്നത്. യോഗങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ഹാജർ ബത്തയായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ചെയർമാൻ എന്നിവർക്ക് 75 രൂപയും (പരമാവധി 360 രൂപ), മറ്റ് അംഗങ്ങൾക്ക് 60 രൂപയും (പരമാവധി 300 രൂപയും) ആണ്.<br>മുനിസിപ്പാലിറ്റികളിലെ ചെയർമാൻമാർക്ക് 7300 രൂപയും, ഡെപ്യൂട്ടി ചെയർമാൻമാർക്ക് 6000 രൂപയും സ്റ്റാന്റിംഗ് കമ്മിറ്റി |

| | | | |
|---|---|---|---|
| | | | ചെയർമാൻമാർക്ക് 4400 രൂപയും അംഗങ്ങൾക്ക് 3800 രൂപയും ആണ് ഓണറേറിയമായി നൽകി വരുന്നത്. യോഗങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ഹാജർ ബത്തയായി ചെയർമാൻ, ഡെപ്യൂട്ടി ചെയർമാൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർക്ക് 75 രൂപയും (പരമാവധി 360 രൂപ), കൗൺസിലർമാർക്ക് 60 രൂപയും (പരമാവധി 300 രൂപയും) ആണ്.<br>കോർപ്പറേഷനുകളിലെ മേയർക്ക് 7900 രൂപയും, ഡെപ്യൂട്ടി മേയർക്ക് 6600 രൂപയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്ക് 4700 രൂപയും അംഗങ്ങൾക്ക് 4100 രൂപയും ആണ് ഓണറേറിയമായി നൽകി വരുന്നത്. യോഗങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ഹാജർ ബത്തയായി മേയർ, ഡെപ്യൂട്ടി മേയർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർക്ക് 75 രൂപയും (പരമാവധി 360 രൂപ), കൗൺസിലർമാർക്ക് 60 രൂപയും (പരമാവധി 300 രൂപയും) ആണ്.<br>1995-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടങ്ങൾ പ്രകാരവും കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥയനുസരിച്ചും അർഹതപ്പെട്ട നിരക്കിലുള്ള യാത്രബത്തയും ദിനബത്തയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. |
| (ബി) | ഇവർക്ക് പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും ഫയൽ സർക്കാരിന്റെ മുമ്പിലുണ്ടോ; വിശദവിവരം അറിയിക്കുമോ? | (ബി) | ഉണ്ട്. ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. |

Liya

സെക്ഷൻ ഓഫീസർ